പഴയ ഇൻറീരിയറിന്
പുതുമ കൊണ്ടുവരാൻ
ആഗ്രഹിക്കുന്നവർക്കായി
പുതുപുത്തൻ ആശയങ്ങൾ.

പഴയ മുറിയുടെ വിവിധ പടങ്ങളും
അളവുകളും മറ്റു വിശദാംശങ്ങളും
'വനിത വീടി'ന് ഇമെയിൽ ചെയ്യുക:
vanithaveedu@mmp.in

# വീടു മാറിയല്ലോ...



BEFORE



സ്ട്രക്ചറിന് ഒരു മാറ്റവും വരുത്താതെതന്നെ സ്റ്റൈൽ എങ്ങനെ മാറ്റിയെടുക്കാം എന്നതിന് ഉദാഹരണമാണ് ഈ ഡ്രോയിങ് റൂം. വാതിലിനു കർട്ടൻ ഇടുന്ന ട്രെൻഡ് മാറി. അതുകൊണ്ട് കർട്ടൻ ഒഴിവാക്കി വാതിലുകളെ ഒറ്റയ്ക്കു നിർത്തി.

ടിവി ഏരിയയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന രീതിയിലാണ് ആധുനിക ഡിസൈൻ. പഴയ മുറിയിലെ അലങ്കാരങ്ങൾ കുറച്ച് മിനിമൽ രീതിയിൽ കൊണ്ടുവന്നു. മറൈൻപ്ലൈയിൽ വെനീർ ഒട്ടിച്ച് ടിവി ഏരിയയെ പുത്തനാക്കി. പഴയ സോഫകൾക്കു പകരം പുതിയ സോഫകൾ കൊണ്ടുവന്നു.

ടിവിയുടെ നേരെ മുകളിലേക്ക് സീലിങ് ഇറക്കിവച്ചിരി





ഡിസൈൻ:

**പി. ആർ. ജൂഡ്സൺ**
ഡിസൈനർ, ജൂഡ്സൺ
അസോഷ്യേറ്റ്സ്,
കൊച്ചി & യുഎഇ.
email: judsonasso@gmail.com

ക്കുന്നത് ശ്രദ്ധിച്ചോ? ടിവി യൂണിറ്റിന് കൂടുതൽ ഭംഗി കിട്ടാനാണിങ്ങനെ ചെയ്തത്. പ്ലൈയും വെനീറും ചേർന്ന ഫിനിഷിലാണ് കോർണർ ചെയ്തിരിക്കുന്നത്. ഇടയിലൂടെ സ്റ്റീൽ ബാൻഡുകൾ കടന്നു പോകുന്നതും ഭംഗി കൂട്ടുന്നു.

അതിനു ചേരുന്നതാണ് സീലിങ്ങിലെ ഡിസൈനും. 'സി' ആകൃതിയിലുള്ള ജിപ്സം സീലിങ്ങിനു നടുവിലായി പ്ലൈ+വെനീർ വർക് തിളങ്ങിനിൽക്കുന്നു. അതിനിടയിലും നേർത്ത സ്റ്റീൽ ബാൻഡുകൾ കാണാം. സീലിങ്ങിനകത്തു നിന്നു തുടങ്ങുന്ന മുഴുനീള കർട്ടനുകളും ഡ്രോയിങ് റൂമിന് കൂടുതൽ അഴകു പകരുന്നു. ഒന്നര - രണ്ട് ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കാം. ■

